"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി & പി)യുടെ ഓഫീസിലെ ക്ലർക്ക് ശ്രീ.ജി.വിജയകമാറിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി- റിവ്യൂ ഹർജി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.140/2020/വനം    തിരുവനന്തപുരം, തീയതി, 20/06/2020

---

പരാമർശം:- (1) (ഡി & പി) വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 06.02.2015-ലെ ബി6-18605/12 നമ്പർ നടപടി ഉത്തരവ്.

(2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 17.08.2017-ലെ ബി6-18605/2012 നമ്പർ നടപടി ഉത്തരവ്.

(3) ശ്രീ.ജി.വിജയകമാർ, ക്ലാർക്ക് 05.10.2017 ൽ സമർപ്പിച്ച റിവ്യൂ ഹർജി.

(4) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 24.05.2019, 21.11.2019, 2.06.2020 എന്നീ തീയതികളിലെ ബി6-657/2019 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വനം വകുപ്പിൽ ഡ്രൈവറായി ജോലി നോക്കിയിരുന്ന ശ്രീ. ജി. വിജയകമാറിന് ഡ്യൂട്ടിക്കിടെ അപകടം സംഭവിച്ചതിനെ തുടർന്ന് തസ്തികമാറ്റം വഴി പ്യൂൺ ആയി നിയമനം നൽകുകയും തുടർന്ന് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ലോവർ ഡിവിഷൻ ക്ലാർക്കായി മാറ്റി നിയമിക്കുകയുമുണ്ടായി. 02.11.2011-ൽ ടി തസ്തികയിൽ ശ്രീ.വിജയകമാർ ചാർജ്ജ് എടുക്കുകയുണ്ടായി. ഏഴ് മാസത്തിനുശേഷം സോഷ്യൽ ഫോറസ്ട്രിയിലേയ്ക്ക് സ്ഥലം മാറ്റമുണ്ടായി. 27.09.2011-ലെ സർക്കാർ കത്ത് നം. 5757/ബി2/2011/വനം-ൽ നടപടി സ്വീകരിച്ചില്ല എന്നതിൽ ശ്രീ. വിജയകമാറിനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ മൂന്നു മാസത്തേയ്ക്ക് തടഞ്ഞ് ' പരാമർശം (1) പ്രകാരം തീർപ്പാക്കുകയുമുണ്ടായി.

2) മേൽ ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീലിൽ മേൽ ശിക്ഷ ഇളവു ചെയ്ത് പരാമർശം

(2) പ്രകാരം 'സെൻഷർ' നൽകി. തുടർന്ന് പരാമർശം (3) പ്രകാരം സമർപ്പിച്ച പുന:പരിശോധനാ ഹർജി പരിഗണിച്ച് ടിയാനെ വകുപ്പിന്റെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി.

3) നേരിൽ കേൾക്കുന്ന വേളയിൽ ടിയാൻ ഉന്നയിച്ച വാദങ്ങളും വകുപ്പിന്റെ റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടിയ്ക്ക് ആധാരമായ 27.09.2011-ലെ 5757/ബി2/2011/വനം കത്ത് വനം വകുപ്പിൽ ലഭിച്ചത് 03.10.2011-നാണ്. ആ ദിവസം ശ്രീ.ജി.വിജയകുമാർ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സോഷ്യൽ ഫോറസ്ട്രിയിൽ ശിപായിയായി ജോലി നോക്കി വരുകയായിരുന്നു. 15.10.2011-ൽ ടി തപാൽ അന്നത്തെ പി4 സീറ്റിലെ ക്ലാർക്ക് പെഴ്സണൽ രജിസ്റ്ററിൽ ചേർത്തിരുന്നു. 02.11.2011-ന് ചുമതലയേറ്റ ശ്രീ. വിജയകുമാർ പ്രസ്തുത പെഴ്സണൽ രജിസ്റ്ററിലെ എൻട്രി പരിശോധിച്ച് തുടർ നടപടി എടുത്തിരുന്നില്ലായെന്നതിനാലാണ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഇക്കാര്യത്തിന് പെഴ്സണൽ രജിസ്റ്ററിൽ എൻട്രി വരുത്തിയ ക്ലാർക്കിനോ സെക്ഷൻ സൂപ്രണ്ടിനോ അവരുടെ ഭാഗത്ത് സംഭവിച്ച കൃത്യവിലോപത്തിന് എതിരായി ഒരു അച്ചടക്ക നടപടിയും നേരിടേണ്ടി വന്നിട്ടില്ല.

4) ക്ലാർക്ക് എന്ന നിലയിൽ വികസന വിഭാഗത്തിൽ ടിയാന്റേത് ആദ്യനിയമനമായിരുന്നു എന്നും ടി തപാൽ ലഭിച്ച് ഒരു മാസത്തിനു ശേഷമാണ് ചാർജ്ജെടുത്തതെന്നും പ്രധാനപ്പെട്ട ഒരു വിഷയം കൈകാര്യം ചെയ്യുന്നതിൽ ടിയാൻ ചാർജ്ജെടുക്കുന്നതിനും മുൻപു തന്നെ കൃത്യവിലോപം ഉണ്ടായതായി മനസ്സിലാക്കുന്നതിനാലും ടിയാന്റെ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ തുടക്കക്കാരനായ ടിയാന് ആവശ്യമായ മാർഗ്ഗനിർദ്ദേശമോ പിന്തുണയോ നൽകിയിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിലുമാണ് അപ്പീൽ പരിഗണിച്ച് ശിക്ഷ ഇളവ് ചെയ്ത് സെൻഷർ ആക്കി നൽകിയിട്ടുള്ളത്.

5) മുൻ ക്ലാർക്കും സീനിയർ സൂപ്രണ്ടും വീഴ്ച വരുത്തി എന്ന് വകുപ്പ് തന്നെ ഉത്തരവിൽ രേഖപ്പെടുത്തിയെങ്കിലും ശിക്ഷ ശ്രീ.വിജയകുമാറിന് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. വർഷങ്ങളുടെ പരിചയമുള്ള ഇരുവരും നടപടി സ്വീകരിക്കാത്ത തപാൽ, ആദ്യമായി ക്ലാർക്ക് തസ്തികയിൽ ജോലിയിൽ വരുന്ന ഒരാൾ ആ സീറ്റിലെ പെഴ്സണൽ രജിസ്റ്റർ പരിശോധിച്ച് മേലധികാരിയുടെ ശ്രദ്ധയിൽക്കൊണ്ടു വന്നില്ല എന്ന വകുപ്പിന്റെ അഭിപ്രായം വിചിത്രമാണ്. അത്യന്തം പ്രാധാന്യമുള്ള ടിംബർ ഓപ്പറേഷനിലെ എലിഫന്റ് ഡ്രാഗിംങ്ങിനുള്ള എഫ്. എസ്. ആർ. നിരക്ക് പരിഷ്കരണം നടത്തുന്നതിൽ ഒരു വർഷത്തെ കാലതാമസം നേരിട്ടുവെന്നും, പഴയ ഫയലുകളൊടൊപ്പം അശ്രദ്ധമായി സൂക്ഷിച്ചിരുന്ന ടി ഫയൽ കണ്ടെടുത്തു നൽകുന്നതിന് നിരവധി തവണ സൂപ്രണ്ട് നൽകിയ നിർദ്ദേശം അനുസരിക്കുന്നതിന് പരാജയപ്പെട്ടു എന്നുമൊക്കെയുള്ള വകുപ്പിന്റെ റിപ്പോർട്ട് തികച്ചും ബാലിശമാണ്. പ്രവർത്തിപരിചയമുള്ള ക്ലാർക്കിന്റെയും സീനിയർ സൂപ്രണ്ടിന്റെയും ഭാഗത്തുനിന്നുണ്ടാവാത്ത ഉത്തരവാദിത്തബോധം ഒരു തുടക്കക്കാരനിൽ നിന്നുമുണ്ടാവണം എന്ന വകുപ്പിന്റെ പ്രതീക്ഷ തന്നെ ശുദ്ധ അസംബന്ധമാണ്. യഥാർത്ഥ തെറ്റുകാരെ ഒഴിവാക്കി ശ്രീ.വിജയകുമാറിനെ ബലിയാടാക്കുനുള്ള വകുപ്പിന്റെ നിലപാട് ഒരു തരത്തിലും അംഗീകരിക്കത്തക്കതല്ല.

6) ശ്രീ.ജി.വിജയകുമാർ നടപടിയെടുത്തില്ല എന്നത് വസ്തുതാപരമായി നിലനിൽക്കുന്ന സംഗതിയാണെങ്കിലും കൂടുതൽ ഉത്തരവാദിത്തമുള്ളവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാത്തതിനാൽ ടിയാന് പരാമർശം (2) പ്രകാരം നൽകിയ ശിക്ഷ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) അച്ചടക്ക നടപടിയുടെ ഭാഗമായി തടയപ്പെട്ട പ്രൊബേഷൻ പൂർത്തീകരിക്കുക, വാർഷിക വേതന വർദ്ധനവ് അനുവദിക്കുക തുടങ്ങിയ ആനുകൂല്യങ്ങൾ ശ്രീ.ജി.വിജയകുമാറിന് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ വനം വകുപ്പ് മേധാവി തലത്തിൽ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJEEVAN M K
**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ. ജി. വിജയകുമാർ, ക്ലർക്ക്
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
വനം വന്യജീവി (പി എസ്) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ